**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.88** **28.05.2019-ൽ മറുപടിയ്ക്ക്**

## തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.സണ്ണി ജോസഫ്** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) മുൻ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയിരുന്നുവോ; | (എ) | തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ രൂപരേഖ 2014 ഡിസംബറിൽ തയ്യാറാക്കിയിരുന്നു. |
| (ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിന് യു.ഡി.എഫ് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നു; | (ബി) | 2015 സെപ്റ്റംബറിൽ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്ക് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകി. തുടർന്ന് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി പദ്ധതി രേഖ സമർപ്പിച്ചു.<br>ലൈറ്റ് മെട്രോ പദ്ധതികളുടെ പ്രാരംഭ നടപടികൾക്കുള്ള ഇടക്കാല കൺസൽറ്റന്റായി ഡി.എം.ആർ.സി യെ 2016 ജനുവരിയിൽ നിയമിച്ചു. |
| (സി) ഈ സർക്കാർ നിലവിൽ വന്നശേഷം ലൈറ്റ് മെട്രോപദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (സി) | ലൈറ്റ് മെട്രോ പദ്ധതികളുടെ പ്രാരംഭ നടപടികളുടെ ഭാഗമായി തിരുവനന്തപുരത്ത് ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് സർക്കാർ 2016 സെപ്റ്റംബറിൽ ഭരണാനുമതി നൽകി. കിഫ്ബി യിൽ നിന്ന് പ്രസ്തുത മേൽപ്പാല പദ്ധതികൾക്കുള്ള തുക ലഭ്യമാക്കാൻ തീരുമാനിച്ചു. തുടർന്ന് രൂപരേഖകൾ അംഗീകരിക്കുകയും സ്ഥലമെടുപ്പ് പ്രക്രിയ ആരംഭിക്കുകയും ചെയ്തു. ആഗസ്റ്റ് 2017 –ൽ കേന്ദ്ര സർക്കാർ പുതിയ മെട്രോ റെയിൽ നയം പ്രാബല്യത്തിൽ കൊണ്ടു വന്നു. പ്രസ്തുത നയത്തിനനുസൃതമായി ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ പദ്ധതി രേഖ (DPR) 2017 ഡിസംബറിൽ ഡി.എം.ആർ.സി സമർപ്പിച്ചു. പുതുക്കിയ ഡി.പി.ആർ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ |

ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല സമിതിയെ സർക്കാർ ചുമതലപ്പെടുത്തി. പ്രസ്തുത സമിതി പുതുക്കിയ DPR അവലോകനം ചെയ്യുകയും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| (ഡി) നിലവിൽ പദ്ധതി പ്രാവർത്തികമാക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ; എങ്കിൽ അത് മറികടക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ? | (ഡി) വലിയ അടങ്കൽ തുക ആവശ്യമായ പദ്ധതി ആയതുകൊണ്ട് വിശദമായ അവലോകനം നടത്തിയ ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനായി സെക്രട്ടറിതല സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ഈ റിപ്പോർട്ടിന്മേൽ ആവശ്യമായ തുടർ നടപടി സ്വീകരിച്ചു വരുന്നു.<br>ലൈറ്റ് മെട്രോ പദ്ധതികളുടെ പ്രാരംഭ നടപടികളുടെ ഭാഗമായി മേൽപ്പാല നിർമ്മാണത്തിനായുള്ള സ്ഥമെടുപ്പ് പുരോഗമിച്ചു വരുന്നു. സ്ഥലമെടുപ്പ് പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ടി മേൽപ്പാലങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ